# 20th Summit of SCO Council of Heads of State

November 10, 2020

## സ്റ്റേറ്റ് തലവന്മാരുടെ എസ് സി ഒ കൗൺസിലിന്റെ 20 മത് ഉച്ചകോടി

നവംബര് 10, 2020

സ്റ്റേറ്റ് തലവന്മാരുടെ എസ് സി ഒ കൗൺസിൽ 20 മത് ഉച്ചകോടി 2020 നവംബർ 10 ന് വിർച്ചൽ രീതിയിൽ നടന്നു(വീഡിയോ കോൺഫറൻസ് ഫോർമാറ്റിൽ). റഷ്യൻ ഫെഡറേഷൻ പ്രസിഡന്റ് ശ്രീ.വ്ലാഡിമിർ പുടിൻ സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡി ഇന്ത്യൻ വിഭാഗത്തെ നയിച്ചു. മറ്റു എസ് സി ഒ അംഗത്വ രാജ്യങ്ങളുടെ പ്രസിഡന്റുമാർ സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ ഇന്ത്യയെയും പാകിസ്താനെയും പ്രധാനമന്ത്രിമാർ പ്രതിനിധീകരിച്ചു. എസ് സി ഒ സെക്രട്ടറിയേറ്റ് സെക്രട്ടറി ജനറൽ, എസ് സി ഒ പ്രാദേശിക തീവ്രവാദ വിരുദ്ധ ഘടനയുടെ എക്സിക്യൂറ്റിവ് ഡയറക്ടർ, കൂടാതെ നാല് നിരീക്ഷക രാജ്യത്തെ പ്രസിഡന്റുമാർ (അഫ്ഗാനിസ്താൻ, ബെലാറസ്, ഇറാൻ,മംഗോളിയ) എന്നിവരായിരുന്നു മറ്റു പങ്കാളികൾ.

ഇത് വിര്ച്ചൽ ഫോർമാറ്റിൽ നടക്കുന്ന ആദ്യ സമ്മേളനവും 2017 ൽ സ്ഥിര അംഗത്വം നേടിയതിനു ശേഷം ഇന്ത്യ പങ്കെടുക്കുന്ന മൂന്നാമത്തെ സമ്മേളനവുമാണ്.എസ് സി ഒ നേതാക്കളെ അഭിസംബോധന ചെയ്യുന്നതിനിടെ , കോവിഡ് -19 പകർച്ചവ്യാധി മൂലമുള്ള വെല്ലുവിളികളെയും പ്രതിബന്ധങ്ങളെയും മറികടന്നുകൊണ്ട് സമ്മേളനം സംഘടിപ്പിച്ചതിന് പ്രസിഡന്റ് വ്ലാഡിമിർ പുടിനെ അഭിനന്ദിച്ചു.

പകർച്ചവ്യാധിയുടെ സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടായി വരുന്ന ലോകത്തിന്റെ പ്രതീക്ഷയ്ക്കൊത്തുയരാണ് ബഹുരാഷ്ട്രവാദത്തിന്റെ നവീകരണം അത്യന്താപേക്ഷികമാണെന്ന് തന്റെ പരാമർശത്തിനിടെ പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. 2021 ജനുവരി മുതൽ ഇന്ത്യ ഐക്യരാഷ്ട്ര സഭയിലെ സുരക്ഷാ കൗൺസലിൽ അസ്ഥിര അംഗമാണ്,ഇതുവഴി ലോക നേതൃത്വത്തിൽ അഭിലഷണീയമായ മാറ്റങ്ങൾ കൊണ്ടുവരാൻ 'നവീകരിച്ച ബഹുരാഷ്ട്രവാദം' എന്ന വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രാദേശികമായ സമാധാനം,സുരക്ഷാ, സമൃദ്ധി കൂടാതെ തീവ്രവാദത്തിനും, നിയമവിരുദ്ധമായ ആയുധക്കടത്തിനും, മയക്കുമരുന്നിനും കള്ളപ്പണത്തിനും എതിരായുള്ള പ്രവർത്തനങ്ങൾ എന്നിവയിലുള്ള ഇന്ത്യയുടെ വിശ്വാസത്തെ പ്രധാനമന്ത്രി ആവർത്തിച്ചു. ഇന്ത്യയുടെ ധീര ജവാന്മാർ 50 യു എൻ സമാധാന മിഷനുകളിൽ പങ്കെടുത്തുവെന്നും പകർച്ചവ്യാധിയുടെ സമയത്ത് 150 ത്തിൽ

അധികം രാജ്യങ്ങൾക്ക് ഇന്ത്യയിലെ മരുന്ന് വ്യവസായമേഖല അത്യാവശ്യ മരുന്നുകൾ എത്തിച്ചുവെന്നും അദ്ദേഹം പരാമർശിച്ചു.

എസ് സി ഒ പ്രവിശ്യയുമായുള്ള ശക്തമായ ചരിത്രപരവും സാംസ്കാരികവുമായ ബന്ധങ്ങൾ പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു . കൂടാതെ വടക്ക് തെക്ക് അന്തരാഷ്ട്ര ഗതാഗത ഇടനാഴി, ചബാർ തുറമുഖം, അഷ്‌കബത് ഉടമ്പടി എന്നിവ പോലുള്ള സംരംഭങ്ങൾ വഴി പ്രവിശ്യയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധതയും അദ്ദേഹം അറിയിച്ചു. 2021 ൽ "എസ് സി ഒ സാംസ്കാരിക വർഷമായി" ആചരിച്ചുകൊണ്ടുള്ള എസ് സി ഒ യുടെ 20 മത് വാർഷിക ആഘോഷങ്ങൾ നടത്തുന്നതിന് പൂർണമായ പിന്തുണയും അദ്ദേഹം അറിയിച്ചു.ഇത് കൂടാതെ നാഷണൽ മ്യൂസിയം ഓഫ് ഇന്ത്യ ബുദ്ധകേന്ദ്രങ്ങളിൽ ആദ്യ എസ് സി ഒ പ്രദർശനം നടത്തുന്നതിനും, ഇന്ത്യയിൽ അടുത്ത വർഷം എസ് സി ഒ ഫുഡ് ഫെസ്റ്റിവൽ നടത്തുന്നതിനും, 10 പ്രാദേശിക ഭാഷയിലുള്ള കൃതികൾ റഷ്യൻ , ചൈനീസ് എന്നെ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതുൾപ്പടെയുള്ള ഇന്ത്യയുടെ സ്വന്തം പ്രവർത്തനങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

2020 നവംബർ 30 ന് നടക്കാനിരിക്കുന്ന എസ് സി ഒ കൗൺസിലിന്റെ അടുത്ത സമ്മേളനത്തിന് വിർച്ചൽ രീതിയിൽ ആതിഥേയത്വം വഹിക്കുന്നതിന് ഇന്ത്യ സന്നദ്ധമാണെന്ന് പ്രധാനമന്ത്രി അറിയിച്ചു. എസ് സി ഒ രാജ്യങ്ങൾക്കുള്ളിൽ കണ്ടുപിടുത്തങ്ങൾ നവീന സംരംഭങ്ങൾ കൂടാതെ പരമ്പരാഗത മരുന്നുകളുടെ ഉപവിഭാഗം എന്നിവ ഉൾപ്പെടുന്ന ഒരു പ്രത്യേക പ്രവർത്തന സംഘം തുടങ്ങുന്നതിനും ഇന്ത്യ നിർദേശിച്ചു. "ആത്മനിർഭർ ഭാരത് "(സ്വയം പര്യപ്തമായ ഇന്ത്യ) എന്ന ഇന്ത്യൻ ദർശനം പകർച്ചവ്യാധിയ്ക്ക് ശേഷമുള്ള ആഗോള സാഹചര്യത്തിൽ വിഭവ ശേഷി ഇരട്ടിപ്പിക്കുന്നതായും എസ് സി ഒ പ്രവിശ്യയിലെ സാമ്പത്തിക വികസനത്തിന് കരണമാകുന്നതാണെന്നു അദ്ദേഹം വിശദീകരിച്ചു.

അടുത്ത വർഷത്തിലെ എസ് സി ഒ അധ്യക്ഷ സ്ഥാനം വഹിക്കുന്ന താജികിസ്താൻ പ്രസിഡണ്ട് എമ്മോമാലി റഹ്മാനെ പ്രധാനമന്ത്രി അഭിനന്ദിക്കുകയും ഇന്ത്യയുടെ പൂർണമായ സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തു.

**ന്യൂ ഡൽഹി**
**10 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.